**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2317** **05-02-2026 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈനിലേയ്ക്ക് മാറ്റുന്നതിന് കെ-സ്മാർട്ട് പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ താഴെ പറയുന്ന പ്രവർത്തനങ്ങൾ കെ-സ്മാർട്ടിലൂടെ പൂർണ്ണമായും ഓൺലൈനിലേയ്ക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>a. ജനന മരണ വിവാഹ രജിസ്ട്രേഷനുകൾ<br><br>b. ലൈസൻസ് നൽകൽ (Trade and Industry)<br><br>c. കെട്ടിട നിർമ്മാണ അനുമതികൾ<br><br>d. വസ്തു നികുതി<br><br>e. തദ്ദേശ സ്ഥാപനങ്ങളിലെ ഫയൽ മാനേജ്മെന്റ്<br><br>f. മീറ്റിംഗ് മാനേജ്മെന്റ്<br><br>g. യൂസർ മാനേജ്മെന്റ് (പണം നൽകലും സ്വീകരിക്കലും ബിൽ തയ്യാറാക്കലുമടക്കമുള്ള എല്ലാവിധ സാമ്പത്തിക കൈകാര്യങ്ങളും)<br><br>h. കെട്ടിടങ്ങളുടെ സെസ്സ് അടവാക്കൽ<br><br>i. വേസ്റ്റ്മാനേജ്മെന്റ്– ഹരിതമിത്രം<br><br>j. പരാതി പരിഹാരം<br><br>ഐ കെ എം-ന്റെ മറ്റ് സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് തദ്ദേശസ്ഥാപനങ്ങളിൽ നടത്തിവരുന്ന പദ്ധതി മാനേജ്മെൻറ്, സാമൂഹ്യ സുരക്ഷാ പെൻഷൻ മാനേജ്മെൻറ്, ആസ്തി വിവരങ്ങളുടെ കൈകാര്യം, ജീവനക്കാരുടെ ട്രാൻസ്ഫർ പോസ്റ്റിംഗ് ആൻഡ് പ്രൊമോഷൻ തുടങ്ങിയവ കെ-സ്മാർട്ടിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | കെ-സ്മാർട്ട് നടപ്പാക്കിയതിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിന് **കെ-സ്മാർട്ട്** മുഖേന സാധിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പോകാതെ തന്നെ അവരവരുടെ ലോഗിൻ മുഖേന അപേക്ഷകൾ സമർപ്പിക്കുന്നതിനും സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി മനസിലാക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും സാധിക്കുന്നു. രാജ്യത്ത് തന്നെ ആദ്യമായാണ് ഒരു സംസ്ഥാനം തദ്ദേശവകുപ്പിൽ നിന്നും നൽകുന്ന 800 ലധികം സേവനങ്ങൾ ഏകീകൃത സോഫ്റ്റ് വെയർ പ്ലാറ്റ്ഫോമിലേക്ക്മാറ്റി ഒരുമിച്ച് വിന്യസിക്കുന്നത്. മറ്റ് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് നടപ്പാക്കുന്ന കെ-സ്മാർട്ട് പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനും പകർത്തുന്നതിനുമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും ഏതെങ്കിലും പ്രതിനിധികൾ എത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ്; വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br><br>കർണാടക മുനിസിപ്പൽ ഡാറ്റ സൊസൈറ്റി, ആസാമിലെ ഗുഹാവട്ടി മുനിസിപ്പൽ കോർപ്പറേഷൻ, ജനഗ്രഹ എൻ ജി ഒ, NUDM, ബാംഗ്ലൂർ ആസ്ഥാനമായിട്ടുള്ള ഇ ഗവൺമെന്റ്സ് ഫൗണ്ടേഷൻ എന്നിവിടങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ കെ-സ്മാർട്ട് പദ്ധതിയുമായി ബന്ധപ്പെട്ട് ഐകെഎം സന്ദർശിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന മികവും ന്യൂനതകളും കണ്ടെത്തുന്നതിനും ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും നിർദേശം നൽകുമോ? | (ഡി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള കെ-സ്മാർട്ട് സോഫ്റ്റ് വെയറിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് 10.04.2025 ലെ സ.ഉ.(കൈ) നം 66/2025-എൽ എസ് ജി ഡി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ചെയർമാനും ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർ കോ ചെയർമാനുമായി സ്റ്റേറ്റ് ഇംപ്ലിമെന്റ് & മോണിറ്ററിംഗ് സെല്ലും (SIMC) ജില്ലാ തലത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടർ ചെയർമാനായി ഡിസ്ട്രിക്ട് ഇംപ്ലിമെന്റ് & മോണിറ്ററിംഗ് സെല്ലും (DIMC) രൂപീകരിച്ചിട്ടുണ്ട്. കെ-സ്മാർട്ടിന്റെ പ്രവർത്തന മികവും ന്യൂനതകളും കണ്ടെത്തുന്നതിനും ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ടി സെൽ മുഖേന നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## Annexure – 2

(ബി) പിരിവിന്റെ മറുപടി

കെ-സ്മാർട്ട് നടപ്പിലാക്കുക വഴി സംസ്ഥാനം രാജ്യത്തിന് തന്നെ മാതൃകയാകാവുന്ന രീതിയിൽ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പ്രധാന നേട്ടങ്ങൾ താഴെ നൽകുന്നു.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ പതിനഞ്ചിലധികം വിത്യസ്ത സോഫ്റ്റ് വെയറുകൾ മുഖേനെയാണ് മുൻകാലങ്ങളിൽ നൽകിവന്നിരുന്നത്. പൊതുജനങ്ങൾ ഓഫീസുകളിൽ നേരിട്ട് ചെല്ലാതെ തന്നെ എല്ലാ സേവനങ്ങളും അവരുടെ മൊബൈലിൽ ലഭ്യമാക്കുക എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ സോഫ്റ്റ് വെയറുകളെല്ലാം ഒരുമിച്ച് K-SMART എന്ന ഏകീകൃത സോഫ്റ്റ് വെയർ പ്ലാറ്റ്ഫോമിലേക്ക് മാറ്റി 2024 ജനുവരി 1 ന് അർബൻ ലോക്കൽ ബോഡികളായ 6 കോർപ്പറേഷനുകളിലും 87 മുനിസിപാലിറ്റികളിലും 2025 ഏപ്രിൽ 1 ന് റൂറൽ ലോക്കൽ ബോഡികളായ 941 പഞ്ചായത്തുകളിലും, 152 ബ്ലോക്ക് പഞ്ചായത്തുകളിലും, 14 ജില്ലാ പഞ്ചായത്തുകളിലും വിന്യസിക്കുന്നതിന് സംസ്ഥാനത്തിന് സാധിച്ചു. കേരള സംസ്ഥാനത്തിന് വേണ്ടി തദ്ദേശവകുപ്പിന് കീഴിലുള്ള സർക്കാർ സ്ഥാപനമായ ഇൻഫർമേഷൻ കേരള മിഷനാണ് പൂർണ്ണമായും In-house ആയി K-SMART സോഫ്റ്റ് വെയർ പ്ലാറ്റ്ഫോം വികസിപ്പിച്ചത്. രാജ്യത്ത് തന്നെ ആദ്യമായിട്ടാണ് ഒരു സംസ്ഥാനം തദ്ദേശവകുപ്പിൽ നിന്നും നൽകുന്ന 800 ലധികം സേവനങ്ങൾ ഏകീകൃത സോഫ്റ്റ് വെയർ പ്ലാറ്റ്ഫോമിലേക്ക് മാറ്റി ഒരുമിച്ച് വിന്യസിക്കുന്നത്.

1. ജനന മരണ വിവാഹ രജിസ്ട്രേഷൻ

   പൊതുജനങ്ങൾ വളരെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന ഒരു മേഖലയായിരുന്ന ജനന മരണ വിവാഹ രജിസ്ട്രേഷനുകളും, സർട്ടിഫിക്കറ്റുകളും വളരെ എളുപ്പത്തിൽ ലഭ്യമാകുന്ന രീതിയിലേക്ക് മാറ്റുന്നതിന് സാധിച്ചു. K-SMART സോഫ്റ്റ് വെയർ വിന്യസിച്ചതോടെ മിനുറ്റുകൾക്കകം ജനന മരണ രജിസ്ട്രേഷനുകൾ നടക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. വിവാഹം രജിസ്റ്റർ ചെയ്യുന്നതിനായി ദമ്പതികൾ ഒരുമിച്ച് വിവാഹ രജിസ്ട്രാറുടെ മുമ്പാകെ നേരിട്ട് എത്തി ഒപ്പിടണം എന്ന് നിയമം വിദേശത്തുള്ളവരെയടക്കം വല്ലാതെ ബുദ്ധിമുട്ടിച്ചിരുന്നു. ഇതിന് പരിഹാരമായി K-SMART സോഫ്റ്റ് വെയറിൽ നടപ്പിലാക്കിയ Video KYC സംവിധാനം ഉപയോഗിച്ച് വധൂ വരൻമാർ ലോകത്ത് എവിടെ ആയിരുന്നാലും, രണ്ട് പേരും വിത്യസ്ത സ്ഥലങ്ങളിലായിരുന്നാലും അവിടെ ഇരുന്ന് തന്നെ മിനിറ്റുകൾക്കകം വിവാഹം രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതാണ്. രാജ്യത്ത് ആദ്യമായി ഈ

സംവിധാനം നടപ്പിലാക്കിയ കേരളത്തിൽ ലോകത്തിലെ വിവിധ കോണുകളിൽ നിന്നായി 60000 ലധികം ദമ്പതികൾ ഈ കാലംകൊണ്ട് Video KYC സംവിധാനം ഉപയോഗിച്ച് വിവാഹം രജിസ്റ്റർ ചെയ്തു.

2. കെട്ടിട നിർമ്മാണ അനുമതി

   കെട്ടിട നിർമ്മാണ അനുമതികൾക്കായി ദിവസങ്ങളും മാസങ്ങളും കാത്തിരുന്നിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും, അപേക്ഷിച്ച് 1 മിനുറ്റിനകം കെട്ടിട നിർമ്മാണ അനുമതി നൽകുക എന്ന സ്വപ്നതുല്യമായ നേട്ടം കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ സാധ്യമാക്കിയതും ഈ കാലയളവിലാണ്. നിരവധി ഘടകങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് മാത്രമേ ഓരോ കെട്ടിടനിർമ്മാണ അനുമതിയും നൽകാൻ സാധിക്കുകയുള്ളൂ എന്നിരിക്കെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനോടൊപ്പം GIS അധിഷ്ഠിതമായ ആധുനികസംവിധാനമായ EDCR Rule Engine കൂടി K-SMART ൽ ഉൾപെടുത്തിയാണ് മിനുറ്റുകൾക്കകം നിർമ്മാണ അനുമതി നൽകുന്നതിന് സാധ്യമാക്കിയത്. വളരെ കുറഞ്ഞ മാസങ്ങൾക്കം 2 ലക്ഷത്തോളം കെട്ടിട നിർമ്മാണ അനുമതികൾ EDCR Rule engine വഴി അതിവേഗത്തിൽ അനുവദിക്കാൻ കഴിഞ്ഞു

3. File Management

   തദ്ദേശസ്ഥാപനങ്ങളിൽ ഒരുപ്രാവശ്യം പോലും നേരിട്ട് ചെല്ലാതെ എല്ലാ വിധ സേവനങ്ങളും പൊതുജനങ്ങൾക്ക് അവരുടെ മൊബൈലിൽ ലഭ്യമാക്കി. ഇത് അഴിമതി രഹിത സത്ഭരണം ഉറപ്പിക്കുന്നതിനും സുതാര്യതക്കും കാരണമായിട്ടുണ്ട്. ഓരോ അപേക്ഷകളുടെയും തൽസ്ഥിതി വിവരം പൊതുജനങ്ങൾക്ക് ട്രാക്ക് ചെയ്യാൻ കഴിയുന്നു എന്നതും പ്രധാന നേട്ടമാണ്.

4. ലൈസൻസുകൾ

   കേരളത്തിലെ വ്യാപാരികൾക്ക് വർഷം തോറും പുതുക്കേണ്ട വ്യാപാര ലൈസൻസ് ചുവപ്പ് നാടകളില്ലാതെ നേരിട്ട് ചെല്ലാതെ തന്നെ അതിവേഗത്തിൽ ലഭിക്കാൻ തുടങ്ങി. വ്യാപാരസ്ഥാപനങ്ങളുടെ പുതിയ ലൈസൻസ് എടുക്കുന്നതും നിലവിലുള്ളവ പുതുക്കുന്നതും വളരെ അനായാസകരമാക്കിയത് വ്യവസായ സൌഹൃദ സംസ്ഥാനമാക്കുന്നതിന് മുഖ്യ പങ്ക് വഹിക്കുന്നു.

5. കെട്ടിട നികുതി

   കെട്ടിടവുമായി ബന്ധപെട്ട് നൽകിയിരുന്ന ഒമ്പതോളം സർട്ടിഫിക്കറ്റുകൾ ബിൽഡിംഗ് സർട്ടിഫിക്കറ്റ് എന്ന പേരിൽ ഒരു സർട്ടിഫിക്കറ്റായി ലഭ്യമാക്കിയതോടെ ഓരോ ആവശ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം തദ്ദേശസ്ഥാപനം കയറി ഇറങ്ങുന്ന ജോലി പൊതുജനങ്ങൾക്ക് ഒഴിവായികിട്ടി. വളരെ എളുപ്പത്തിൽ 1 മിനിറ്റിനകം കെട്ടിട നികുതി

അടക്കുന്നതിനും ഓരോ കെട്ടിട ഉടമസ്ഥനും അവരുടെ കെട്ടിടവുമായി ബന്ധപെട്ട വിവരങ്ങൾ അറിയുന്നതിനുമുള്ള സൌകര്യങ്ങൾ നൽകി.

6. മാലിന്യ സംസ്ക്കരണം
   തദ്ദേശസ്ഥാപനങ്ങളുടെ പ്രധാന ചുമതലകളിലൊന്നായ മാലിന്യ സംസ്ക്കരണ രംഗത്തും സമാനകതകളില്ലാത്ത നേട്ടമാണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നത്. മാലിന്യ സംസ്ക്കരണ രംഗത്തെ മുന്നണിപോരാളികളായ ഹരിതകർമ്മസേനാംഗങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ഹരിതമിത്രം മൊബൈൽ അപ്ലിക്കേഷൻ നൽകി. എല്ലാ മാസവും 1 കോടിയോളം കെട്ടിടങ്ങളിൽ നിന്നും മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുകയും ശാസ്ത്രീയമായി സംസ്ക്കരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഹരിതമിത്രം വഴി രേഖപടുത്തുന്നു.
7. മറ്റു പ്രധാന നേട്ടങ്ങൾ
   കേരളത്തിലെ ഏതൊരു സ്ഥലവും കെട്ടിട നിർമ്മാണത്തിനനുയോജ്യമാണോ , അവിടെ ബാധകമായ നിയന്ത്രണങ്ങൾ എന്തെല്ലാമാണ് മുതലായ കാര്യങ്ങളെല്ലാം പൊതുജനങ്ങൾക്ക് വളരെ എളുപ്പത്തിൽ അറിയുന്നതിനുള്ള Know Your Land നടപ്പിലാക്കി.
   തദ്ദേശസ്ഥാപനങ്ങളും പൊതുജനങ്ങളുമായുള്ള എല്ലാ പണമിടപാടുകളും ഓൺലൈനാക്കി.

**കെ-സ്മാർട്ട് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് നാളിതുവരെ ലഭ്യമാക്കിയ സേവനങ്ങളുടെ കണക്കുകൾ**

| | | |
|---|---|---|
| 1. | Total Files | 9514009 |
| 1. | Files Closed in 1 hr | 914004 |
| 2. | Files Closed in 24 Hrs | 2151570 |
| 3. | File approved after 5 PM | 929343 |
| 4. | Off Days approval count | 358288 |
| 5. | Total file rejected count | 175397 |
| 6. | Building Permit (BP) - Total instant permits (Self Certified Permit) | 84998 |
| 7. | Fastest other BP Approval (Telecommunication towers) within seconds | 631 |
| 8. | Total Approved license count | 667567 |
| 9. | 1 hr / 24 hrs /48 Hrs license approval | 748 (1hr) |

| | | |
|---|---|---|
| | | 4349 (24 hr)<br>7948 (48 hr) |
| 10. | Total PGR resolved | 54663 |
| 11. | Total Payment collected | Rs.9129.01 Cr |
| 12. | Total Property Tax Demand vs collection | 2596.38 Cr / 879.89 Cr |
| 13. | CR Birth Fastest / 1 Hr / 24 hrs | 96866 (1hr)<br>263274 (24hr) |
| 14. | Total Birth Registration/Correction Files | 1402170 |
| 15. | Total Birth Registration Approved Files | 1250900 |
| 16. | Total Death Registration Files | 406946 |
| 17. | Total Death Registration Approved Files | 380443 |
| 18. | Total Marriage Registration Files | 228865 |
| 19. | Total Marriage Registration Approved Files | 199722 |
| 20. | Marriage Through Video e-KYC | 89926 |
| 21. | Fastest Birth certificate – Kannur Municipal Corporation | <1 Min |
| 22. | Fastest Death certificate – Trivandrum Municipal Corporation | <1 Min |
| 23. | Fastest Marriage certificate – Chalakudy Municipality | <1.5 Min |